## പതിനാലാം കേരള നിയമസഭ
## ഏഴാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 2721** **18.08.2017 ൽ മറുപടിയ്ക്ക്**

### അവധിക്കാലത്ത് സ്കൂൾ കലോത്സവം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. പാറയ്ക്കൽ അബ്ദുള്ള | **പ്രൊഫ. സി. രവീന്ദ്രനാഥ്**<br>**(വിദ്യാഭ്യാസ വകുപ്പ് മന്ത്രി)** |
| (എ) സ്കൂൾതലത്തിൽ ഒരു വർഷം ലക്ഷ്യമിടുന്ന പരമാവധി പ്രവർത്തിദിനങ്ങൾ എത്ര; എന്നാൽ ഇപ്പോൾ ലഭ്യമാവുന്ന പരമാവധി പ്രവർത്തിദിനങ്ങൾ എത്ര; | (എ) സ്കൂൾതലത്തിൽ ഒരു വർഷം ലക്ഷ്യമിടുന്ന പരമാവധി പ്രവർത്തിദിനങ്ങൾ 200 ആണ്. ഈ അക്കാഡമിക് വർഷം അവസാനിക്കുമ്പോൾ 200 പ്രവർത്തി ദിനങ്ങൾ ലഭ്യമാകുന്ന തരത്തിലാണ് സ്കൂൾ കലണ്ടർ തയ്യാറാക്കിയിരിക്കുന്നത്. |
| (ബി) സ്കൂൾ പ്രവർത്തിദിവസങ്ങൾ പരമാവധി സംരക്ഷിക്കുക എന്ന ലക്ഷ്യത്തോടെ സംസ്ഥാന സ്കൂൾ കലോത്സവം ക്രിസ്തുമസ് അവധിക്കാലത്ത് നടത്തുന്നകാര്യം പരിഗണനയിലുണ്ടോ;<br>(സി) എങ്കിൽ എന്നു മുതൽ എന്നുവരെ കലോത്സവം നടത്തുന്നതിനാണ് ഉദ്ദേശിക്കുന്നത്; ഈ വർഷം കലോത്സവം ഏത് ജില്ലയിൽ നടത്താനാണ് തീരുമാനം എന്നറിയിക്കാമോ; | (ബി) & (സി) ഇപ്പോൾ പരിഗണനയിലില്ല. ഈ വർഷം സ്കൂൾ കലോത്സവം തൃശ്ശൂർ ജില്ലയിൽ നടത്താനാണ് തീരുമാനിച്ചിട്ടുള്ളത്. |
| (ഡി) കലോത്സവ തീയതി മാറ്റത്തിലൂടെ കൈവരിക്കാനാകുമെന്ന് കരുതുന്ന നേട്ടങ്ങൾ എന്തൊക്കെ എന്ന് വ്യക്തമാക്കുമോ;<br>(ഇ) എങ്കിൽ ഇതിനു തടസ്സമായിട്ടുള്ള ഘടകങ്ങൾ എന്തൊക്കെ; അദ്ധ്യാപക സംഘടനകൾ എതിർക്കുന്നതായ റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ നൽകുമോ? | (ഡി) & (ഇ) ബാധകമല്ല |

സെക്ഷൻ ഓഫീസർ